ന്നുണ്ട്. കൂടാതെ കടലിനടിയിലുള്ള മത്സ്യേതര വിഭവങ്ങളെയും ഔഷധപ്രാധാന്യമുള്ള കടൽജീവികളേയും സംബന്ധിച്ച് പഠനങ്ങൾ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടന്നു വരുന്നുണ്ട്.

## നർക്കോട്ടിക് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

**26 (2955)** ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നർക്കോട്ടിക് കൺട്രോൾ വകുപ്പിൽ 1996-99 കാലയളവിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരുടെ അഭാവം കാരണം തടസ്സമുണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര ഉദ്യോഗസ്ഥരാണ് ഈ വകുപ്പിൽ പ്രവർത്തിക്കുന്നതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയമിച്ച് ഈ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 154 നർക്കോട്ടിക് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ചില ജില്ലകളിൽ ആവശ്യത്തിനുള്ള ജീവനക്കാരില്ല. എങ്കിലും വകുപ്പിന്റെ പ്രവർത്തനത്തിൽ തടസ്സങ്ങളൊന്നും ഇല്ല.

(സി)

| | | | |
|---|---|---|---|
| 1. | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | - | 15 |
| 2. | എക്സൈസ് ഇൻസ്പെക്ടർ | - | 15 |
| 3. | പ്രിവന്റീവ് ഓഫീസർ | - | 50 |
| 4. | എക്സൈസ് ഗാർഡ് | - | 223 |

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലാ കളക്ടർക്കെതിരെയുള്ള നടപടി

**27 (2956)** ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ കളക്ടർ ആയിരുന്ന അമിതാഭ്കാന്തിനെ അഴിമതി ആരോപണത്തിന്റെ പേരിൽ സർവീസിൽ നിന്ന് സസ്പെന്റു ചെയ്തിട്ടുണ്ടോ;

(ബി) ഈ ഉദ്യോഗസ്ഥനെ എന്നാണ് സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തത്;

(സി) എന്തൊക്കെ ആരോപണത്തിന്റെ പേരിലാണ് സസ്പെന്റ് ചെയ്തത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏത് സാഹചര്യത്തിലാണ് ഇദ്ദേഹത്തെ തിരിച്ചെടുത്തത്;

(ഇ) ഈ ഉദ്യോഗസ്ഥൻ ഏതെങ്കിലും വിദേശ യാത്രയിൽ മുഖ്യമന്ത്രിയെ അനുഗമിച്ചിട്ടുണ്ടോ;

(എഫ്)എങ്കിൽ ഏതൊക്കെ രാജ്യങ്ങളിൽ അനുഗമിച്ചിട്ടുണ്ടെന്നും എന്തൊക്കെ നടപടികളിൽ പങ്കെടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ)-(ഡി)കോഴിക്കോട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം 311/97 ആയി രജിസ്റ്റർ ചെയ്ത അഴിമതി നിരോധന നിയമമനുസരിച്ചുള്ള കേസന്വേഷണത്തിന്റെ ഭാഗമായി ശ്രീ. അമിതാഭ്കാന്തിനെ 10.12.1997 ന് സർവ്വീസിൽ നിന്ന് സസ്പെന്റു ചെയ്തു. കോഴിക്കോട് കോർപ്പറേഷനിലെ വാർഡ് നമ്പർ 17 ൽ സ്ഥലമെടുപ്പിൽ ക്രമക്കേടുകൾ നടന്നുവെന്നും കോർപ്പറേഷന് നഷ്ടമുണ്ടാക്കി എന്നതുമാണ് കേസ്. കേസന്വേഷണം പൂർത്തിയായതായി ഡി.ജി.പി. യിൽ നിന്നും ലഭിച്ച റിപ്പോർട്ടിനെ തുടർന്ന് 26.8.1998-ൽ ശ്രീ. അമിതാഭ് കാന്തിനെ സർവ്വീസിൽ തിരിച്ചെടുത്തു.

(ഇ)&(എഫ്) നോർക്കയുടെ വകുപ്പു സെക്രട്ടറി എന്ന നിലയിൽ യു. എ.ഇ, ഒമാൻ, കുവൈറ്റ് എന്നീ രാജ്യങ്ങളിൽ മുഖ്യമന്ത്രിയെ അനുഗമിച്ചിട്ടുണ്ട്. പ്രവാസി കേരളീയരെ സംബന്ധിച്ച പരിപാടികളിൽ പങ്കെടുത്തു.

ഉൾനാടൻ ജലഗതാഗതം

28 (2957)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉൾനാടൻ ജലഗതാഗതത്തിന്റെ പുരോഗതിക്കുവേണ്ടി എന്തെല്ലാം നടപടികളെടുത്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കു വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1999 മാർച്ച് വരെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ 260 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 958 ലക്ഷം രൂപയും ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഇതുവരെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ 276.76 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 718.447 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കോട്ടപ്പുറം-കൊറ്റി-വളപ്പട്ടണം-പറശ്ശിനിക്കടവ് റൂട്ടിൽ ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ സുൽത്താൻ കനാലിന്റെ ഒന്നാം ഘട്ടത്തിന്റെ പണികൾ ഏകദേശം 4 കോടി രൂപ ചെലവാക്കി പൂർത്തിയാക്കിയിട്ടുണ്ട്. ഈ റൂട്ടിലെ ജലഗതാഗതം കൂടുതൽ സുഗമമാക്കുന്നതിലേക്കായി രണ്ടാം ഘട്ടത്തിന്റെ പണികൾ ആരംഭിച്ചിരിക്കുകയാണ്.

കൊറ്റി മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി, 321.21 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly